<u>കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം</u>

W 1-11876/16 തീയതി - 15/07/2022

<u>സർക്കുലർ നമ്പർ - 8/ 2022-23</u>

വിഷയം :- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്- അൺ അറ്റാച്ച്ഡ് വിഭാഗം - റോളിലിരിക്കെ മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് സ്പെഷ്യൽ ഡെത്ത് എക്സ്ഗ്രേഷ്യ അനുവദിക്കുന്നത് - പ്ലാൻ ഖണ്ഡികയിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.

സൂചന :- 1. 2021-22ലെ ബോർഡ് ബഡ്ജറ്റ് നിർദ്ദേശം.
2. 22/7/21 തീയതിയിലെ തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിന്റെ എച്ച്3/98/2021-തൊഴിൽ നമ്പർ സർക്കാർ കത്ത്.
3. 25/9/2021 തീയതിയിലെ സർക്കുലർ നമ്പർ 25/21-22.
4. 23/5/2022 തീയതിയിലെ 532-മത് ബോർഡ് യോഗ തീരുമാനം നമ്പർ-4.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ സ്വാഭാവിക മരണങ്ങൾക്കും അപകട മരണങ്ങൾക്കും 60,000/- രൂപ മുതൽ 1,00,000/-രൂപ വരെ അർഹതാ മാനദണ്ഡമനുസരിച്ച് നിലവിൽ നൽകി വരുന്ന സ്പെഷ്യൽ ഡെത്ത് എക്സ്ഗ്രേഷ്യ ആനുകൂല്യം "ആത്മഹത്യ നിമിത്തം" മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് കൂടി അനുവദിക്കുന്നതിന് പ്ലാൻ വ്യവസ്ഥയിൽ ഭേദഗതി വരുത്തുന്നതിന് സൂചന (4) ബോർഡ് യോഗം തീരുമാനിച്ചിട്ടുള്ളതാണ്.

1997ലെ കേരള ചുമട്ടു തൊഴിലാളി (സ്പെഷ്യൽ ഡെത്ത് എക്സ്ഗ്രേഷ്യ) പ്ലാനിൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

1. നിലവിലുള്ള പ്ലാൻ ഖണ്ഡിക 4 (1)ൽ "സേവനത്തിലിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ നോമിനിക്കോ, നാമനിർദ്ദേശ പത്രികയുടെ അഭാവത്തിൽ 'അഡ്മിനിസ്ട്രേറ്റർ ജനറൽ, കേരള നൽകുന്ന' 'സർട്ടിഫിക്കറ്റ് ഓഫ് അഡ്മിനിസ്ട്രേഷൻ' അല്ലെങ്കിൽ തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റ് (29/4/2003ലെ സർക്കുലർ നമ്പർ 2/2003-04) പ്രകാരം നിഷ്കർഷിക്കുന്ന അവകാശികൾക്കോ നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി സ്വാഭാവിക മരണത്തിനും, അപകട മരണത്തിനും ഡെത്ത് എക്സ്ഗ്രേഷ്യ ആനുകൂല്യം നൽകാവുന്നതാണ് " എന്നതിൽ 'അപകട മരണത്തിനും ' എന്ന വാക്കുകൾക്ക് ശേഷം 'ആത്മഹത്യ നിമിത്തമുള്ള മരണത്തിനും' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

2. പ്ലാൻ ഖണ്ഡിക 4 (1)ൽ മാത്രമാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. നിലവിലുള്ള പ്ലാനിലെ മറ്റ് വ്യവസ്ഥകൾക്കോ, നിർദ്ദേശങ്ങൾക്കോ യാതൊരു മാറ്റവും ഉണ്ടായിരിക്കുന്നതല്ല.

3. മേൽ ഭേദഗതികൾ കൂട്ടിച്ചേർത്ത കേരള ചുമട്ടു തൊഴിലാളി (സ്പെഷ്യൽ ഡെത്ത് എക്സ്ഗ്രേഷ്യ) പ്ലാൻ 1997 പൂർണ്ണ രൂപം അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ സർക്കുലർ ലഭിച്ചതിനുള്ള കൈപ്പറ്റ് രസീത് എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും മടക്കത്തപാലിൽ അയക്കേണ്ടതാണ്. കൂടാതെ സബ് ഓഫീസിലേക്ക് സർക്കുലർ കോപ്പി ജില്ലാ ഓഫീസിൽ നിന്നും അയച്ച് നൽകി പ്രസ്തുത വിവരം ക്ലാർക്ക്തലം മുതലുള്ള എല്ലാ ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് കമ്മിറ്റി ചെയർമാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (I/c)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്കും, സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർമാർ, ജൂനിയർ സൂപ്രണ്ടുമാർ / ഹെഡ് ക്ലാർക്ക്.

പകർപ്പ്

ബോർഡ് ഓഫീസിലെ എല്ലാ സൂപ്രണ്ടുമാർക്കും, എഫ്2 സെക്ഷൻ, സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്